# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 17.05.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. **ലോക്സഭാ തിരഞ്ഞെടുപ്പിൻറെ ശേഷിക്കുന്ന മൂന്ന് ഘട്ടങ്ങളിലേക്കുള്ള പ്രചാരണം ഊർജ്ജിതം; അവസാനഘട്ടത്തിനുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണം അവസാനിച്ചു.**

   Canvassing for remaining phases of Lok Sabha elections reaches feverish pitch; Key leaders of all political parties actively campaigning in various parts of country.

2. **എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തി ഇന്ത്യ വികസന ശക്തിയായി തുടരുമെന്ന് വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ.**

   EAM Dr. S. Jaishankar Says, India Will Develop All Requisite National Strengths To Make It Leading Power.

3. **കേരളത്തിൽ അടുത്ത അഞ്ച് ദിവസം അതിശക്തമായ മഴയ്ക്ക് സാധ്യത; മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് അലർട്ട്; കേരളതീരത്ത് മത്സ്യബന്ധനത്തിന് വിലക്ക്.**

   Chance of heavy rain in Kerala in next five days; Orange alert in Malappuram, Wayanad districts today; fishing Banned in Kerala coast.

4. **സംസ്ഥാനത്ത് പകർച്ചപ്പനികൾക്കെതിരെ നിതാന്ത ജാഗ്രത വേണമെന്ന് മന്ത്രി വീണാ ജോർജ്; പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കണമെന്നും നിർദ്ദേശം.**

   Minister Veena George said that strict vigilance should be taken against communicable diseases in the state; It is also recommended to strengthen preventive measures.

5. **ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ലഖ്നൗ സൂപ്പർ ജയൻറ്സ് പോരാട്ടം; 2027-ലെ വനിതാ ഫുട്ബോൾ ലോകകപ്പിന് ബ്രസീൽ ആതിഥ്യം വഹിക്കും.**

Mumbai Indians vs Lucknow Super Giants match in IPL Cricket today; Brazil will host the 2027 Women's Football World Cup. .

**$$$$$$$$$$$$$$$$$$$$$$$$**

## Lok Sabha 7th, 6th, 5th phase

ലോക്സഭാ തെരഞ്ഞെടുപ്പിൻറെ അവസാനഘട്ടത്തിനുള്ള നാമനിർദേശപത്രിക പിൻവലിക്കുന്നതിനുള്ള സമയപരിധി ഇന്നവസാനിച്ചു. നാളെ സൂക്ഷ്മ പരിശോധന നടക്കും. എട്ട് സംസ്ഥാനങ്ങളിലെ 57 സീറ്റുകളിലേക്കാണ് അടുത്തമാസം ഒന്നിന് ഏഴാംഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. തിങ്കളാഴ്ച നടക്കുന്ന അഞ്ചാംഘട്ട വോട്ടെടുപ്പിനുള്ള പരസ്യ പ്രചാരണം നാളെ സമാപിക്കും. ആറാംഘട്ട വോട്ടെടുപ്പ് ഈ മാസം 25-നാണ്. എല്ലാ ഘട്ടങ്ങളിലേയും വോട്ടെണ്ണൽ ജൂൺ നാലിന് നടക്കും. ലോക്സഭാ തെരഞ്ഞെടുപ്പിൻറെ ആദ്യ നാല് ഘട്ടങ്ങളിലായി ആകെ 66.95 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്. 45.1 കോടിയിലധികം പേരാണ് ഇതുവരെ സമ്മതിദാന അവകാശം വിനിയോഗിച്ചത്. ശേഷിക്കുന്ന മൂന്ന് ഘട്ടത്തിലും വോട്ടവകാശം ഫലപ്രദമായി വിനിയോഗിക്കണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അഭ്യർഥിച്ചു.

**$$$$$$$$$$$$$$$$$$$$$$$$**

## ELECTION CAMPAIGN (INTRO)

ലോക്സഭാ തെരഞ്ഞെടുപ്പിൻറെ ശേഷിക്കുന്ന മൂന്ന് ഘട്ടങ്ങളിലേക്കുള്ള പ്രചാരണം രാജ്യത്ത് ഊർജ്ജിതമായി പുരോഗമിക്കുന്നു. വിവിധ രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കൾ പ്രചാരണത്തിൽ സജീവമാണ്. വിശദാംശങ്ങളിലേക്ക്....

**(വോയ്സ്)**

ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങൾ കേന്ദ്രീകരിച്ചാണ്, ബിജെപിയുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദിയുടെ ഇന്നത്തെ പ്രചാരണം. മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ അമിത് ഷാ ഇന്ന് ഉത്തർപ്രദേശ്, ഒഡീഷ, ഝാർഖണ്ഡ് എന്നിവിടങ്ങളിലാണ് പ്രചാരണം നടത്തുന്നത്. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവും അമേഠിയിൽ പ്രചാരണത്തിലാണ്. മുതിർന്ന കോൺഗ്രസ് നേതാവ് സോണിയ ഗാന്ധി, റായ്ബറേലിയിൽ രാഹുൽഗാന്ധിക്കായി പ്രചാരണ പരിപാടിയെ അഭിസംബോധന ചെയ്തു, പ്രിയങ്കാഗാന്ധിയും റായ്ബറേലിയിൽ പ്രചാരണത്തിലാണ്.മുംബൈയിലെ ബാന്ദ്ര-കുർള കോംപ്ലക്സ് ഗ്രൗണ്ടിൽ ഐഎൻഡിഐ സഖ്യം റാലി സംഘടിപ്പിക്കും. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാൾ, മുതിർന്ന നേതാവ് ശരദ് പവാർ, ഉദ്ധവ് താക്കറെ, ഇന്ത്യൻ സഖ്യത്തിൻ്റെ മറ്റ് നേതാക്കൾ എന്നിവർ റാലിയെ അഭിസംബോധന ചെയ്യും.

**ന്യൂസ് ഡസ്ക്, ആകാശവാണി...**

**$$$$$$$$$$$$$$$$$$$$$$$$**

**<u>JAISHANKAR-CII</u>**

എല്ലാ ദേശീയ സാധ്യതകളും ഉപയോഗപ്പെടുത്തി കാലാനുസൃതമായി, ഇന്ത്യ വികസന ശക്തിയായി തുടരുമെന്ന് വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ പറഞ്ഞു. വ്യവസായ സൗഹൃദ അന്തരീക്ഷത്തോടൊപ്പം കഴിവും മത്സരശേഷിയും വർധിപ്പിക്കാനാണ് ഇന്ത്യയുടെ ശ്രമമെന്ന് ന്യൂഡൽഹിയിൽ ട്രേഡേഴ്സ് ഓർഗനൈസേഷൻ സംഘടിപ്പിച്ച ചടങ്ങിൽ ശ്രീ. ജയശങ്കർ പറഞ്ഞു. ശക്തമായ വളർച്ച, വ്യാപകമായ പരിഷ്കാരങ്ങൾ, സമൂലമായി മെച്ചപ്പെട്ട ഭരണം, സാമ്പത്തിക അച്ചടക്കം, അടിസ്ഥാന സൗകര്യ വികസനം, ദ്രുതഗതിയിലുള്ള ഡിജിറ്റൈസേഷൻ, നൈപുണ്യ

വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കൽ എന്നിവയ്ക്ക് രാജ്യം സാക്ഷ്യം വഹിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ബ്രാൻഡ് എന്ന നിലയിലുള്ള ഇന്ത്യയുടെ മികവ് ലോകത്തിന് മുന്നിൽ അവതരിപ്പിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$

**SITHARAMAN – KEJRIWAL**

ആം ആദ്മി പാർട്ടി എംപി സ്വാതി മലിവാളിനെ കെജ്രിവാളിൻറെ അനുയായി ആക്രമിച്ച സംഭവത്തിൽ എഎപി അധ്യക്ഷനും ഡൽഹി മുഖ്യമന്ത്രിയുമായ അരവിന്ദ് കെജ്രിവാളിന്റെ മൗനത്തെ വിമർശിച്ച് മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ നിർമ്മല സീതാരാമൻ. ഈ വിഷയത്തിൽ കെജ്‌രിവാൾ മാപ്പ് പറയണമെന്ന് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കവെ ശ്രീമതി നിർമ്മല സീതാരാമൻ ആവശ്യപ്പെട്ടു. ഒരു വനിതാ എം.പിക്ക് പോലും മുഖ്യമന്ത്രിയുടെ വസതിയിൽ സുരക്ഷിതത്വമില്ലെന്നും കേന്ദ്രമന്ത്രി പറഞ്ഞു. പാർട്ടിയിലെ സമാനമായ ആരോപണങ്ങൾ ഉന്നയിച്ച് എഎപി ഒരു സ്ത്രീ വിരുദ്ധ പാർട്ടിയാണെന്ന് ശ്രീമതി സീതാരാമൻ വിമർശിച്ചു.

$$$$$$$$$$$$$$$$$$$$$$$$

**SC–KEJRIWAL**

മദ്യനയ അഴിമതിക്കേസിൽ ഇ ഡി അറസ്റ്റ് ചെയ്യത് ചോദ്യംചെയ്യ് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ് രിവാൾ സമർപ്പിച്ച ഹർജിയിൽ വിധി പറയുന്നത് സുപ്രീം കോടതി മാറ്റി വച്ചു. എന്നാൽ സാധാരണ ജാമ്യം ലഭിക്കാൻ വിചാരണക്കോടതിയെ സമീപിക്കാൻ കോടതി അനുവദിച്ചു. എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റിൻറെ അറസ്റ്റിനെതിരെയാണ് കേജ് രിവാൾ സുപ്രീം കോടതിയെ സമീപിച്ചത്.

$$$$$$$$$$$$$$$$$$$$$$$$

**KERALA RAIN ALERT**

തമിഴ്നാട്ടിൽ ചക്രവാതച്ചുഴി രൂപപ്പെട്ടതിനാൽ അടുത്ത അഞ്ച് ദിവസം കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന്

കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും ആലപ്പുഴ, തൃശൂർ ഒഴികെയുള്ള 10 ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദ്ദേശവുമുണ്ട്. പാലക്കാട്, മലപ്പുറം ജില്ലകളിൽ നാളെയും പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ മറ്റന്നാളും അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. തിങ്കളാഴ്ചയും, ചൊവ്വാഴ്ചയും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് അലർട്ട് ആണ് പ്രഖ്യാപിച്ചിരിക്കുന്നതെങ്കിലും റെഡ് അലർട്ടിന് സമാനമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. ശക്തമായ കാറ്റും മോശം കാലാവസ്ഥയും പ്രതീക്ഷിക്കുന്നതിനാൽ കേരളതീരത്ത് ഇനിയൊരു അറിയിപ്പ് ഉണ്ടാകുംവരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും കർശനമായ മുന്നറിയിപ്പുണ്ട്. മലയോരമേഖലയിലുള്ളവരും അതീവ ജാഗ്രത പാലിക്കണം.

$$$$$$$$$$$$$$$$$$$$$$$$

## NILGIRI RAIN

തമിഴ്നാട്ടിലെ നീലഗിരി മേഖലയിൽ കനത്ത മഴ. തിങ്കളാഴ്ച വരെ ഊട്ടി അടക്കമുള്ള ഈ മേഖലയിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് ജില്ലാ ഭരണകൂടം അറിയിച്ചു. അതിനിടെ കുറ്റാലം വെള്ളച്ചാട്ടത്തിൽ അപ്രതീക്ഷിതമായി ഉണ്ടായ മലവെള്ളപ്പാച്ചിലിൽ ഒരാളെ കാണാതായി.

$$$$$$$$$$$$$$$$$$$$$$$$

## VEENA GEORGE

പകർച്ചപ്പനികൾക്കെതിരെ നിതാന്ത ജാഗ്രത പുലർത്തണമെന്ന് മന്ത്രി വീണാ ജോർജ്. ഉഷ്ണ തരംഗവും തുടർന്നുള്ള വേനൽ മഴയും കാരണം ഡെങ്കിപ്പനി, എലിപ്പനി, മഞ്ഞപ്പിത്തം തുടങ്ങിയ പകർച്ചപ്പനികൾ ഉണ്ടാകാൻ സാധ്യതയുണ്ട്. നാളെയും മറ്റന്നാളും തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാന വ്യാപകമായി ശുചീകരണ

പ്രവർത്തനങ്ങൾ നടത്തും. കേരള പൊതുജനാരോഗ്യ നിയമം പാലിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കും. ആശുപത്രികളിൽ പ്രത്യേക ഫീവർ ക്ലിനിക്കുകൾ ആരംഭിക്കുമെന്നും ജില്ലാ മെഡിക്കൽ ഓഫീസർമാരുമായി ചേർന്ന യോഗത്തിനു ശേഷം മന്ത്രി തിരുവനന്തപുരത്തു മാധ്യമങ്ങളോട് പറഞ്ഞു .എറണാകുളം, മലപ്പുറം, കോഴിക്കോട്, തൃശൂർ, കണ്ണൂർ, പത്തനംതിട്ട, പാലക്കാട് ജില്ലകളിലെ 12 ഇടങ്ങളിലാണ് പ്രധാനമായും മഞ്ഞപ്പിത്തം റിപ്പോർട്ട് ചെയ്തത്. മഞ്ഞപ്പിത്തം ബാധിച്ചവർ സെക്കൻ്ററി ഇൻഫക്ഷൻ വരാതിരിക്കാൻ ആറാഴ്ച വിശ്രമിക്കണം. രോഗബാധിത പ്രദേശങ്ങളിലെ എല്ലാ കുടിവെള്ള സ്ത്രോതസുകളിലും ക്ലോറിനേഷൻ നടത്താൻ നിർദേശം നൽകിയതായും ശ്രീമതി വീണ ജോർജ് പറഞ്ഞു .ആശുപത്രികൾ മരുന്നുകളുടെ സ്റ്റോക്ക് വിലയിരുത്തി ലഭ്യത ഉറപ്പാക്കണമെന്നും മന്ത്രി നിർദേശം നൽകി. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ പക്ഷിപ്പനി പ്രതിരോധ പ്രവർത്തനങ്ങളും യോഗത്തിൽ ചർച്ചയായി.

$$$$$$$$$$$$$$$$$$$$$$$$

**DRIVING TEST**

കേരളത്തിൽ കാര്യക്ഷമത കുറയാതെ ഡ്രൈവിങ് ടെസ്റ്റുകൾ പുനരാരംഭിക്കുമെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ. നിലവിൽ ലേണേഴ്സ് ലൈസൻസ് ലഭ്യമായതും ഡ്രൈവിംഗ് ടെസ്റ്റ് സ്ലോട്ട് ലഭിക്കേണ്ടതുമായ 2,24,972 അപേക്ഷകരാണ് ഉള്ളത്. പത്തു ലക്ഷത്തിൽപ്പരം അപേക്ഷകൾ ഇത്തരത്തിൽ കെട്ടിക്കിടക്കുന്നുവെന്ന തരത്തിലുള്ള വാർത്തകൾ വസ്തുതാ വിരുദ്ധമാണ്. ടെസ്റ്റ് നടത്തുന്നതിന് അധിക ടീമുകൾ രൂപീകരിക്കും. സാരഥി സോഫ്റ്റ് വെയർ പ്രവർത്തനക്ഷമ മാകുന്നതോടെ പ്രതിസന്ധി പരിഹരിക്കപ്പെടുമെന്നും ട്രാൻസ്പോർട്ട് കമ്മീഷണർ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$

**IPL CRICKET**

ഐപിഎൽ ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ്, ലഖ്നൗ സൂപ്പർ ജയന്റ്സ് പോരാട്ടം. ടോസ് നേടിയ മുംബൈ, ലഖ്നൗവിനെ ബാറ്റിങ്ങിനയച്ചു. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലാണ് മത്സരം. പോയിന്റ് പട്ടികയിൽ ലഖ്നൗ ഏഴാമതും, മുംബൈ ഇന്ത്യൻസ് പത്താം സ്ഥാനത്തുമാണ്.

$$$$$$$$$$$$$$$$$$$$$$$

**FIFA**

2027-ലെ വനിതാ ഫുട്ബോൾ ലോകകപ്പിന് ബ്രസീൽ ആതിഥ്യം വഹിക്കും. 74-ാമത് ഫിഫ സമ്മേളനത്തിലാണ് തീരുമാനം. ബെൽജിയം, നെതർലാൻറ്സ്, ജർമനി എന്നീ രാജ്യങ്ങളെ പിന്തള്ളിയാണ് ആതിഥേയത്വം വഹിക്കാൻ ബ്രസീൽ അവസരം സ്വന്തമാക്കിയത്.

$$$$$$$$$$$$$$$$$$$$$$$

**DOWRY CASE – CALICUT**

കോഴിക്കോട് പന്തീരാങ്കാവിൽ ഭർതൃ വീട്ടിൽ ഗാർഹിക പീഡനത്തിനിരയായ യുവതിയെ മന്ത്രി ആർ.ബിന്ദു സന്ദർശിച്ചു. ആദ്യഘട്ടത്തിൽ തന്നെ പെൺകുട്ടി വിവരങ്ങൾ തുറന്നു പറഞ്ഞതും, വീട്ടുകാർ ഒപ്പം നിന്നതും മാതൃകാപരമാണെന്ന് മന്ത്രി പറഞ്ഞു. പുരുഷാധിപത്യ ബോധ്യങ്ങൾ പോലീസിലും ഉണ്ടെന്നും, ലിംഗനീതിയിൽ അടിസ്ഥാനമായ പരിശീലനം പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമാണെന്നും മന്ത്രി വ്യക്തമാക്കി. അതേസമയം കേസിലെ പ്രതിയായ രാഹുലിന്റെ സുഹൃത്തിനെ പോലീസ് കസ്റ്റഡിയിലെടുത്തു. പ്രത്യേക അന്വേഷണ സംഘമാണ് കേസ് അന്വേഷിക്കുന്നത്. രാഹുലിനെ കണ്ടെത്താനുള്ള ശ്രമങ്ങൾ പോലീസ് ഊർജ്ജിതമാക്കി.

$$$$$$$$$$$$$$$$$$$$$$$

**BIRD FLU**

ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി സ്ഥിരീകരിച്ച തലവടി, തഴക്കര, ചമ്പക്കുളം പഞ്ചായത്തുകളിൽ നാളെ കള്ളിങ്

നടത്തും. പ്രഭവ കേന്ദ്രത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള 12,678 വളർത്തുപക്ഷികളെ കൊന്നൊടുക്കുവാനാണ് തീരുമാനം. പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ഇന്ന് ഉന്നത തലയോഗം ചേരുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ തഴക്കര, ആനപ്രാമ്പാൽ, ചമ്പക്കുളം എന്നിവിടങ്ങളിലാണ് കഴിഞ്ഞ ദിവസം പക്ഷിപ്പനി സ്ഥിരീകരിച്ചത്.

$$$$$$$$$$$$$$$$$$$$$$$

## CALICUT UNIVERSITY RESULT

റെക്കോർഡ് വേഗത്തിൽ ബിരുദഫലം പ്രഖ്യാപിച്ച് കാലിക്കറ്റ് സർവകലാശാല. **23 പ്രവൃത്തി** ദിവസം കൊണ്ടാണ് ഫലം പ്രസിദ്ധീകരിച്ചത്. കാലിക്കറ്റ് സർവകലാശാലയുടേത് ചരിത്ര നേട്ടമെന്ന് മന്ത്രി ആർ.ബിന്ദു പറഞ്ഞു. ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പരീക്ഷയ്ക്കിരുത്തുന്ന കാലിക്കറ്റ് സർവ്വകലാശാല, പരീക്ഷാനടപടിക്രമങ്ങൾ ആധുനിക വത്കരിച്ചാണ് ഈ നേട്ടം സ്വന്തമാക്കിയത്. ജൂൺ ആദ്യവാരത്തോടെ ഗ്രേഡ് കാർഡ് വിതരണം തുടങ്ങുമെന്നും മന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$

## UAE-BLUE RESIDENCY VISA

പരിസ്ഥിതി സംരക്ഷണത്തിന് ഗണ്യമായ സംഭാവന നൽകുന്ന വ്യക്തികൾക്ക് ദീർഘകാല താമസ അനുമതി വാഗ്ദാനം ചെയ്യുന്ന ഒരു പുതിയ വീസ പദ്ധതി പ്രഖ്യാപിച്ച് യു.എ.ഇ പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഗവേഷണ, സാങ്കേതിക മേഖലകളിൽ പ്രവർത്തിക്കുന്ന ആഗോള തലത്തിലെ പ്രമുഖരെ ഇത് വഴി രാജ്യത്തേക്ക് സ്വാഗതം ചെയ്യാൻ യു എ ഇ ലക്ഷ്യമിടുന്നു . അന്താരാഷ്ട്ര പരിസ്ഥിതി സംഘടനകളിലെ അംഗങ്ങൾ, അവാർഡ് നേടിയ ഗവേഷകർ തുടങ്ങിയവർക്ക് ബ്ലൂ വിസയ്ക്ക് അപേക്ഷിക്കാം. കഴിഞ്ഞ ഡിസംബറിൽ ദുബായിൽ നടന്ന

യുഎൻ കാലാവസ്ഥാ വ്യതിയാന ഉച്ചകോടിയിലെ സമവായത്തിന്‍റെ തുടർച്ചയായാണ് യുഎഇ യുടെ പുതിയ പദ്ധതി.

**$$$$$$$$$$$$$$$$$$$$$$**
**$$$$$$$$$$$$$**